## ജനാധിപത്യ അധികാര വികേന്ദ്രീകരണവും തദ്ദേശഭരണവും
## കണ്ണൂർ പ്രഖ്യാപനം

അഞ്ചാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിന്റെ ഭാഗമായി ജനാധിപത്യ വികേന്ദ്രീകരണം എന്ന വിഷയത്തിൽ സംഘടിപ്പിച്ച ദേശീയ സെമിനാറിനെ തുടർന്നുള്ള കണ്ണൂർ പ്രഖ്യാപനം

ഇന്ത്യൻ ഭരണഘടന നിലവിൽ വന്ന് എഴുപത്തിയഞ്ച് വർഷങ്ങൾക്ക് ശേഷവും 73, 74 ഭരണഘടന ഭേദഗതികൾ പ്രാബല്യത്തിൽ വന്ന് മുപ്പത് വർഷങ്ങൾക്ക് ശേഷവുമാണ് നാം കണ്ണൂരിൽ ഒത്തുചേരുന്നത്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും പഞ്ചായത്തീരാജ്, നഗരപാലിക നിയമങ്ങൾ നിലവിൽ വന്നിട്ടുണ്ട്. അധികാരവിഭജനത്തിന്റെ വ്യാപ്തിയിലും ഫലപ്രാപ്തിയിലും അനിവാര്യമായ പ്രാദേശിക വ്യതിയാനങ്ങളോടെയാണ് ഇവ നടപ്പാക്കിയിട്ടുള്ളത്. ജനാധിപത്യ വികേന്ദ്രീകരണത്തിന്റെ മുന്നേറ്റത്തിനായി ഇതുവരെയുള്ള പുരോഗതികൾ വിലയിരുത്തുകയും കുറവുകൾ പരിഹരിച്ച് ജനാധിപത്യ വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനുള്ള പുതിയ നിർദേശങ്ങൾ മുന്നോട്ട് വയ്ക്കുകയും ചെയ്യണം. ഭരണഘടനയുടെ അടിസ്ഥാന ഘടകമാണ് ഫെഡറലിസവും ജനാധിപത്യവും എന്നുള്ളത് കൊണ്ട് പ്രാദേശിക സർക്കാരുകളെ ഭരണഘടനയുടെ അടിസ്ഥാന ഘടകമായി പരിഗണിക്കാനുള്ള സമയമാണിത്.

പ്രാദേശിക സർക്കാരുകളുടെ തെരഞ്ഞെടുപ്പുകൾ കൃത്യമായി ഇടവേളകളിൽ നടക്കുന്നുണ്ട്. ഇതിനായുള്ള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, സംസ്ഥാന ധനകാര്യ കമ്മീഷൻ തുടങ്ങി സമാനസ്വഭാവമുള്ള സ്ഥാപനങ്ങൾ എന്നിവ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും നിലവിലുണ്ട്. 73, 74 ഭരണഘടനാ ഭേദഗതികളെ തുടർന്ന് അധികാരങ്ങൾ, ധനവിനിയോഗം, മനുഷ്യശേഷി എന്നിവയുടെ വികേന്ദ്രീകരണം മെച്ചപ്പെട്ടിട്ടുണ്ട്. യൂണിയൻ ധനകാര്യ കമ്മീഷൻ പ്രാദേശിക സർക്കാരുകൾക്ക്, ഒരു പക്ഷേ മുപ്പത് വർഷം മുമ്പ് നാം മുൻകൂട്ടി കാണാത്ത അളവിൽ, ധന വിഹിതം നൽകുന്നതാണ് മറ്റൊരു അനുകൂലമായ മാറ്റം. വികസനം, സേവന പ്രദാനം, സദ്ഭരണം എന്നിവയിൽ പ്രാദേശിക സർക്കാരുകളുടെ പങ്ക് യൂണിയൻ ധനകാര്യ കമ്മീഷൻ അംഗീകരിച്ചു കഴിഞ്ഞു. സ്ത്രീകൾ, പട്ടികജാതി, പട്ടികവർഗം എന്നിവരുടെ സംവരണം അവരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിലും നില മെച്ചപ്പെടുത്തുന്നതിലും നല്ല സ്വാധീനം ചെലുത്തിയിട്ടുണ്ട്. പ്രാദേശിക സർക്കാർ തലത്തിലുള്ള വാർഷിക - പഞ്ചവത്സര പദ്ധതികൾ ആവിഷ്കരിച്ച് പ്രാദേശിക ആസൂത്രണം നടപ്പാക്കുന്ന സംവിധാനം വിവിധ സംസ്ഥാനങ്ങളിൽ വികസിക്കാൻ തുടങ്ങിയിരിക്കുന്നു. പഞ്ചവത്സര പദ്ധതികൾ

രൂപീകരിക്കുന്നതിൽ നിന്നും രാജ്യം പിന്നോട്ട് പോകുന്ന സമയത്താണ് ഇത്തരമൊരു രീതിക്ക് തുടക്കം കുറിച്ചിരിക്കുന്നത് എന്നതും സന്തോഷകരമാണ്.

പ്രാദേശിക സർക്കാരുകൾ പല മേഖലകളിലും മികച്ച പ്രകടനം കാഴ്ചവച്ചിട്ടുണ്ട്. കേരളം ശ്രമിച്ചത് പോലെ വിശാലമല്ലെങ്കിലും, വികസനത്തിനും സേവന പ്രദാനത്തിനുമുള്ള സുപ്രധാന ഏജൻസികളായി പ്രാദേശിക സർക്കാരുകൾ മാറിക്കഴിഞ്ഞു. ഇക്കാര്യത്തിൽ നല്ല പ്രവർത്തനങ്ങളുടെ നിരവധി ഉദാഹരണങ്ങളും അനുഭവങ്ങളും ഇപ്പോൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ലഭ്യമാണ്. നൂതന വികസന പ്രവർത്തനങ്ങൾ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനുള്ള ശ്രമങ്ങൾ നയങ്ങളിലൂടെയും പരിപാടികളിലൂടെയും നടന്നുവരുന്നു. കൊവിഡ് മഹാമാരിയിലും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ ദുരന്തങ്ങൾ പ്രതിരോധിക്കുന്നതിലും പ്രാദേശിക സർക്കാരുകളുടെ പങ്ക് ശ്രദ്ധേയമാണ്. ഈ അനുഭവം രാജ്യത്തുടനീളവും എല്ലാ സംസ്ഥാനങ്ങളിലും ഏകീകൃതമായിരുന്നില്ല എന്ന് കൂട്ടിച്ചേർക്കേണ്ടതില്ല.

എന്നാൽ ചില സംസ്ഥാനങ്ങൾ തെരഞ്ഞെടുപ്പുകൾ, സംസ്ഥാന ധനകാര്യ കമ്മീഷനുകൾ, പി.ഇ.എസ്.എ നിയമം എന്നിവയ്ക്കുള്ള ഭരണഘടനാ വ്യവസ്ഥകൾ പാലിക്കുന്നതിൽ പരാജയപ്പെട്ടുവെന്നത് ഞങ്ങൾ ആശങ്കയോടെ കാണുന്നു. ജാതി ലിംഗ വിവേചനം തുടങ്ങിയ ഘടകങ്ങൾ പങ്കാളിത്ത ജനാധിപത്യത്തിന് വലിയ തടസ്സമായി നിലനിൽക്കുന്നു. കേരളം, കർണാടക, തമിഴ്നാട് തുടങ്ങിയ ഏതാനും ചില സംസ്ഥാനങ്ങളൊഴികെ, പഞ്ചായത്തുകളും നഗരസഭകളും പ്രാദേശിക സർക്കാരുകളോ സ്വയംഭരണ സ്ഥാപനങ്ങളോ എന്ന തലത്തിലേക്കുള്ള പരിണാമം സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല. മിക്ക സംസ്ഥാനങ്ങളിലും ജില്ല ആസൂത്രണ സമിതികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. പ്രാദേശിക സർക്കാരുകളുടെ പദ്ധതികൾ നിരീക്ഷിക്കുന്നതിനും അവ ഏകോപിപ്പിച്ച് സംയോജിത ജില്ലാ പദ്ധതികൾ തയ്യാറാക്കുന്നതിനും ജില്ല ആസൂത്രണ സമിതികളെ സജീവമാക്കേണ്ടതുണ്ട്. ഗ്രാമസഭകൾ ദുർബലപ്പെട്ട് വരുന്നതും ഞങ്ങളെ ആശങ്കപ്പെടുത്തുന്നു. ജനാധിപത്യത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭകളെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രത്യേക പരിപാടി ആവിഷ്കരിക്കേണ്ടതും അനിവാര്യമാണ്. ഇതിലൂടെ സോഷ്യൽ ഓഡിറ്റിനും സുതാര്യതയ്ക്കും ഊന്നൽ നൽകണം. കാര്യശേഷി വികസനത്തിനായി പ്രാദേശിക സർക്കാരുകൾക്ക് വേണ്ടി നിലവിലുള്ള കാര്യശേഷി വികസന സംവിധാനങ്ങളും പരിപാടികളും അപര്യാപ്തമാണ്. ഈ പശ്ചാത്തലത്തിൽ NIRD&PR പോലുള്ള ദേശീയ പരിശീലന സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുന്ന യൂണിയൻ ഗവൺമെന്റ്

നടപടി അപലപനീയമാണ്. യൂണിയൻ സർക്കാർ പഞ്ചായത്തീരാജ് മന്ത്രാലയത്തിനായി നീക്കി വയ്ക്കുന്ന തുക തീർത്തും അപര്യാപ്തമാണ്. പ്രാദേശിക സർക്കാരുകളെ വിവിധ വികസന വകുപ്പുകളുടെ കീഴിലുള്ള കേവലം നടത്തിപ്പ് ഏജൻസികളായാണ് പലപ്പോഴും കാണുന്നത്. സ്വതന്ത്രമായി പ്രവർത്തിക്കുന്നതോ നിയമാനുസൃതമായി തീരുമാനങ്ങൾ എടുക്കുന്നതോ അംഗീകരിക്കപ്പെടുകയോ ചെയ്യുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

രാജ്യത്തിന്റെ ഫെഡറൽ സ്വഭാവസവിശേഷതകൾ വെല്ലുവിളിക്കപ്പെടുകയും അപകടത്തിലാകുകയും ചെയ്യുന്ന സമയം കൂടിയാണിത്. സംസ്ഥാന സർക്കാരുകൾക്ക് മതിയായ രീതിയിൽ അധികാര കൈമാറ്റം നടത്തിയാൽ മാത്രമേ പ്രാദേശിക സർക്കാരുകൾക്ക് കൂടുതൽ അധികാരങ്ങൾ കൈമാറാൻ സാധിക്കൂ, ഇവ വേർപടുത്തി കാണാൻ കഴിയില്ല. സംസ്ഥാനങ്ങളുടെ സ്വയംഭരണം ഭീഷണിയിലാണ്. സംസ്ഥാനങ്ങളിലേക്കുള്ള സാമ്പത്തിക കൈമാറ്റവും സാമ്പത്തിക സ്വയംഭരണവും ആസുത്രിതമായി വെട്ടിക്കുറയ്ക്കുന്നു. പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങൾ സംസ്ഥാന വിഷയമാണ്, ഇവ നിയന്ത്രിക്കുകയും ക്രമേണ യൂണിയൻ സർക്കാരിന്റെ അധീനതയിൽ കൊണ്ടുവരാനുള്ള ശ്രമങ്ങളും നടക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പണം അനുവദിക്കുന്നതിന് കേന്ദ്ര ധനകാര്യ കമ്മീഷനുകളുടെ ശുപാർശയ്ക്ക് അപ്പുറമുള്ള, ഭരണഘടന അന്തസത്തയ്ക്ക് വിരുദ്ധമായ അധിക നിബന്ധനകൾ കേന്ദ്ര സർക്കാർ ഏർപ്പെടുത്തുന്നു.

73, 74 ഭരണഘടന ഭേദഗതികളിൽ വിഭാവനം ചെയ്ത ജനാധിപത്യ വികേന്ദ്രീകരണം കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയുടെ പ്രഖ്യാപനമാണ് അധികാരവികേന്ദ്രീകരണവും തദ്ദേശഭരണവും എന്ന ഈ സെമിനാർ മുന്നോട്ട് വയ്ക്കുന്നത്. പ്രാതിനിധ്യ ജനാധിപത്യത്തിന് അതീതമായി, ഭരണത്തിലും വികസനത്തിലും നേരിട്ട് പങ്കാളികളാകാൻ ജനങ്ങളെ പ്രാപ്തരാക്കുന്ന പൂർണ്ണമായ പ്രാദേശിക സർക്കാരുകളായി ത്രി-തല ഭരണ സംവിധാനം മാറുമെന്ന് ഉറപ്പാക്കാൻ നാം സജീവമായി പ്രവർത്തിക്കേണ്ടതുണ്ട്.

അഞ്ചാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിന്റെ വികേന്ദ്രീകരണ സമ്മേളനത്തിൽ പങ്കെടുത്തവർ മുകളിൽ സൂചിപ്പിച്ച കേന്ദ്രീകരണ പ്രവണതകളെ ചെറുക്കാൻ ജനാധിപത്യ വികേന്ദ്രീകരണത്തിന് പ്രതിജ്ഞാബദ്ധരായ ഓരോ പൗരന്മാരോടും പ്രവർത്തകരോടും ആഹ്വാനം ചെയ്യുന്നു. സംസ്ഥാന- പ്രദേശിക സർക്കാരുകളുടെ അധികാരവും

പ്രവർത്തന സ്വാതന്ത്ര്യവും പരസ്പരബന്ധിതമാണ്. യൂണിയൻ ധനകാര്യ കമ്മീഷന്റെ ധനവിന്യാസത്തിന് സമാനമായി കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ധനവിന്യാസവും മാറ്റേണ്ടതുണ്ട്. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തുന്നതിലൂടെ കൂടുതൽ ചുമതല വ്യക്തത കൊണ്ടുവരാൻ സാധിക്കും.

പ്രാദേശിക സർക്കാരുകൾക്ക് അർഹമായ അധികാരം, ധനം, മനുഷ്യ വിഭവം കൈമാറുന്നതിനുള്ള സമ്മർദ്ദം സംസ്ഥാന സർക്കാരുകളിൽ ചെലുത്തേണ്ടതാണ്. പ്രാദേശിക ആസൂത്രണം സംബന്ധിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനുള്ള 2012ലെ വിദഗ്ധ സമിതി ശുപാർശകൾ തുടരേണ്ടത് ഇന്നും പ്രസക്തമാണ്.

ഈ സാഹചര്യത്തിൽ പ്രാദേശിക സർക്കാരുകളുടെ ശക്തീകരണത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് നാം പ്രവർത്തിക്കേണ്ടതുണ്ട്. ഇതിനായി പ്രാദേശിക, സംസ്ഥാന, ദേശീയ തലങ്ങളിൽ നിരന്തരം വാദിക്കുകയും സമ്മർദ്ദം ചെലുത്തുകയും സ്വാധീനിക്കുകയും ചെയ്യുന്ന വിദഗ്ദ്ധർ, പ്രവർത്തകർ എന്നിവരുടെ ശൃംഖല ആവശ്യമാണ്. രാജ്യത്തുടനീളം അത്തരമൊരു ശൃംഖല വികസിപ്പിക്കുമെന്നും ഈ സെമിനാർ പ്രഖ്യാപിക്കുന്നു.

ജനാധിപത്യ വികേന്ദ്രീകരണത്തിലും പ്രാദേശിക ഭരണത്തിലും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കേരളം, കർണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങൾ പുതിയ വെല്ലുവിളികളെയും പുത്തൻ സാദ്ധ്യതകളെയും അഭിസംബോധന ചെയ്ത് മുന്നോട്ട് പോകാൻ നേതൃത്വം എറ്റെടുക്കണം. ഈ സാഹചര്യത്തിൽ പ്രാദേശിക സർക്കാരുകളെ ശാക്തീകരിക്കുന്നതിനും പുതിയ വികസന മാതൃകകൾ സൃഷ്ടിക്കുന്നതിനും സഹായകമായ പ്രക്രിയകളും ശേഷി വികസന മാതൃകകളും രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും ഏറ്റെടുക്കേണ്ടതുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ, ദുരന്തനിവാരണത്തിന് പ്രാദേശിക കർമപദ്ധതികൾ ആവിഷ്കരിക്കണം. ദ്രുതനഗരവൽക്കരണത്തിന്റെ വെല്ലുവിളിക്ക് നഗരവൽക്കരിക്കപ്പെടുന്ന അനുബന്ധ പ്രദേശങ്ങൾ ഉൾപ്പെടുന്ന സംയോജിത നഗര ആസൂത്രണം ആവശ്യമാണ്. പരിമിതികൾക്കിടയിലും നിലവിലെ ജനാധിപത്യ വികേന്ദ്രീകരണ പ്രക്രിയ, പ്രാദേശിക ഭരണത്തെയും പ്രാദേശിക വികസനത്തെയും ശക്തിപ്പെടുത്തുന്നതിന് വേണ്ട ജനകീയ ഇടപെടലുകൾ സാധ്യമാക്കുന്നതിനുള്ള വർദ്ധിച്ച ജനാധിപത്യ ഇടങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.
ഇന്ത്യയിൽ വളർന്ന് വരുന്ന അധികാര കേന്ദ്രീകരണ പ്രവണതകളെ പ്രതിരോധിക്കാൻ പ്രാദേശിക ജനാധിപത്യ ഇടങ്ങൾ വികസിപ്പിച്ചു

കൊണ്ട് വരേണ്ടതുണ്ട്. ഇതിനായി ജനകീയ ബദലുകൾ സൃഷ്ടിക്കാനുള്ള പ്രവർത്തനത്തിൽ എല്ലാവരും പങ്കാളികളാകണമെന്ന് ഈ സെമിനാർ എല്ലാവരോടും ആഹ്വാനം ചെയ്യുന്നു.